File No.HSG-A1/78/2020-HSG

68409/2020
24/09/20

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഭവന നിർമ്മാണ വകുപ്പ് – ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം - മുഖ്യനഗരാസൂത്രകന്റെ (ചീഫ് ടൗൺ പ്ലാനർ) കാര്യാലയത്തിലെ ടൗൺ പ്ലാനറായ ശ്രീമതി. ഷീബ റാണി. വൈ -യെ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിലെ ചീഫ് പ്ലാനർ (ഹൗസിംഗ്) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

G.O.(Rt)No.37/2020/HSG തീയതി,തിരുവനന്തപുരം, 22/09/2020

---

പരാമർശം:- 1) ഹൗസിംഗ് കമ്മീഷണറുടെ 24.08.2020-ലെ എ/207/2020/എച്ച്.സി. നമ്പർ കത്ത്.

2) മുഖ്യ നഗരാസൂത്രകന്റെ 22.08.2020-ലെ TCPCTP/1273/2020-A3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലത്തിൽ ചീഫ് പ്ലാനർ (ഹൗസിംഗ്) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന സംസ്ഥാന ഭവനനിർമ്മാണ ബോർഡിലെ എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ.അലക്സ്. റ്റി. ജോസഫിന്റെ അന്യത്ര സേവന കാലാവധി 30/9/2020-ൽ അവസാനിക്കുകയാണ്. ചീഫ് പ്ലാനർ (ഹൗസിംഗ്) തസ്തികയിൽ 30.9.2020-ന് ശേഷം തുടരാൻ താല്പര്യമില്ല എന്ന് ശ്രീ.അലക്സ്. റ്റി. ജോസഫ് അറിയിച്ചതിനെ തുടർന്ന് ഹൗസിംഗ് കമ്മീഷണറേറ്റിലെ ചീഫ് പ്ലാനർ തസ്തികയിലേക്ക് അന്യത്ര സേവന വ്യവസ്ഥ പ്രകാരം നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നു.

2) ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച മുഖ്യനഗരാസൂത്രകന്റെ (ചീഫ് ടൗൺ പ്ലാനർ) കാര്യാലയത്തിലെ ടൗൺ പ്ലാനറായ ശ്രീമതി.ഷീബ റാണി. വൈ - യുടെ അപേക്ഷ പരിശോധിച്ചതിൽ നിന്നും പ്രസ്തുത അപേക്ഷ പരിഗണനാർഹമാണെന്നും, ടിയാളെ ചീഫ് പ്ലാനർ (ഹൗസിംഗ്) തസ്തികയിൽ നിയമിച്ച് ഉത്തരവാകണമെന്നും ഹൗസിംഗ് കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി. ശ്രീമതി. ഷീബ റാണിയുടെ സേവനം ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് വിട്ടുനല്കുന്നതിന് തടസ്സമില്ല എന്ന് മുഖ്യനഗരാസൂത്രകൻ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലെ ടൗൺ പ്ലാനറായ ശ്രീമതി. ഷീബ റാണി. വൈ-യെ കെ.എസ്.ആർ. റൂൾ 140 (സി) പ്രകാരം അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി, 1/10/2020 മുതൽ ഒരു വർഷത്തേയ്ക്ക്, ഹൗസിംഗ് കമ്മീഷണറേറ്റിൽ ചീഫ്

പ്ലാനർ (ഹൗസിംഗ്) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SUDHA
ADDITIONAL SECRETARY

ഹൗസിംഗ് കമ്മീഷണർ, ഹൗസിംഗ് കമ്മീഷണറേറ്റ്, തിരുവനന്തപുരം.

ശ്രീമതി. ഷീബ റാണി. വൈ. ടൗൺ പ്ലാനർ, മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം.

മുഖ്യനഗരാസൂത്രകൻ, തദ്ദേശ സ്വയംഭരണ (പ്ലാനിംഗ്), മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, രണ്ടാംനില, സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഐ &പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by ... N V P
Date: 2020.05.2...
Reason: Approved
സെക്ഷൻ ഓഫീസർ